# അങ്കമാലി നഗരസഭ

നം.ആർ1-K Smart-2124266/2024 തീയതി : 27.03.2025

## റിപ്പോർട്ട്

അങ്കമാലി നഗരസഭയിലെ വാർഡ്–7ൽ ശ്രീ.ജോസ് പോൾ, പോളി ജോസഫ്, തടത്തിൽ വീട് എന്നവരുടെ ഉടമസ്ഥതയിൽ 7/25 നമ്പർ നൽകിയ കെട്ടിടത്തിന് 106.86$m^2$ പ്ലിന്ത് ഏരിയ വരുന്നതും വാണിജ്യാടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിച്ച് അസസ്സ്മെന്റ് ചെയ്ത് നികുതി അടവാക്കി പോരുന്നതാണ്. ഈ കെട്ടിടത്തിന്റെ മുകളിലായി ഷീറ്റ് റൂഫ് ഇട്ടുകൊണ്ട് പൂർത്തീകരിച്ചതായ 78.72$m^2$ വരുന്ന ഭാഗം ബിഎ.നം.110/23-24 നമ്പറായി റഗുലറൈസേഷൻ ഒക്യുപ്പെൻസി കെട്ടിട ഉടമ കൈപ്പറ്റിയിട്ടുള്ളതാണ്. എന്നാൽ ആയതിനുശേഷം നിലവിലുള്ള 7/25 നമ്പർ കെട്ടിടത്തിന്റെ വസ്തുനികുതി റീഅസസ്സ്മെന്റ് ചെയ്യുന്നതിന് അപേക്ഷ നൽകുന്ന നടപടികൾ സ്വീകരിക്കവെ കക്ഷി ഹാജരാക്കേണ്ട ഫോം നം.2-ന്റെ പരിശോധനയിൽ നിയമാനുസൃത വർദ്ധനവുകൾക്കും ഇളവുകൾക്കും ശേഷം വസ്തുനികുതി 22,376/- രൂപയായി രേഖപ്പെടുത്തി കണ്ടതിനാൽ കെട്ടിട ഉടമ കെ-സ്മാർട്ട് വഴിയുള്ള അപേക്ഷ സബ്മിറ്റ് ചെയ്യാതെ നഗരസഭയിൽ കെട്ടിടത്തിന്റെ നിലവിലുള്ള വസ്തുനികുതി സംഖ്യയായ 1,270/- രൂപ നിലനിർത്തുന്നതിനും നിർമ്മാണം പൂർത്തിയാക്കിയ ഒന്നാം നിലവിലെ ഏരിയയ്ക്ക് പുതിയ നിരക്കിലുള്ള നികുതി നിർണ്ണയിക്കുന്നതിനുമാണ് പരാതി നൽകിയിട്ടുള്ളത്. നിലവിൽ കെ-സ്മാർട്ട് സോഫ്റ്റ്‌വെയറിൽ പുതിയ നിർമ്മാണം കൂട്ടിച്ചേർക്കുമ്പോൾ റീഅസസ്സ്മെന്റ് കാലയളവ് തൊട്ട് പുതിയ കെട്ടിടമായി കണക്കാക്കി കെട്ടിട നമ്പർ നിലനിർത്തി വസ്തുനികുതി പുതുക്കിയ നിരക്കിൽ വർദ്ധനവ് വരുന്നതാണ്. എന്നാൽ കെട്ടിട ഉടമയുടെ പരാതിയിന്മേൽ നടപടി സ്വീകരിക്കുന്നതിന് 15.11.2024-ൽ എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷന് കത്ത് നൽകുകയും നിലവിൽ ഈ വിഷയവുമായി ബന്ധപ്പെട്ട് യാതൊരു പരാതിയും ലഭ്യമായിട്ടില്ല എന്നും നികുതി പുനർ നിർണ്ണയിക്കുന്നതിനുള്ള സംവിധാനം കെ-സ്മാർട്ട് ആപ്ലിക്കേഷനിൽ ലഭ്യമാണെന്നതും അറിയിച്ചുകൊണ്ട് 02.02.2025-ന് മറുപടി ലഭ്യമായിട്ടുണ്ട്. ഈ സാഹചര്യത്തിൽ പരാതിക്കാരന് കെട്ടിടത്തിന്റെ നിലവിലുള്ള ഏരിയയോടുകൂടി അധിക നിർമ്മാണം നടത്തിയ കേസുകളിൽ നികുതി റീഅസസ്സ് ചെയ്യുമ്പോൾ നിലവിലുണ്ടായിരുന്ന ഏരിയയുടെ നികുതി കെ-സ്മാർട്ട് പ്രകാരം നിലനിർത്തപ്പെടുന്നില്ല എന്നും ആയത് പൊതുവായ വിഷയമായതിനാൽ ബഹു.സർക്കാരിൽ നിന്ന് ഉത്തരവ് വരുന്ന മുറയ്ക്ക് മാത്രമേ സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്തുവാൻ സാധ്യമാകുകയുള്ളൂ എന്ന് കാണിച്ച് പരാതിയ്ക്ക് മറുപടി നൽകിയിട്ടുള്ളതാണ്.

കെട്ടിട ഉടമയുടെ നിലവിലുള്ള 7/25 നമ്പർ കെട്ടിടത്തിന്റെ മുകൾ ഭാഗത്ത് പണിതിട്ടുള്ള പുതിയ ഏരിയയ്ക്ക് പ്രത്യേക നമ്പർ ലഭിക്കുന്നതിന് അപേക്ഷ നൽകിയാൽ മാത്രമേ നിയമാനുസൃതം പുതിയ നമ്പർ നൽകി നിലവിലുള്ള നിരക്കുകൾ പ്രകാരമുള്ള വസ്തുനികുതി നിർണ്ണയിക്കുന്നതിനും കെട്ടിടത്തിന്റെ നിലവിലുള്ള ഭാഗത്തിന്റെ നികുതി നിലനിർത്തുവാനും സാധ്യമാവുകയുള്ളൂ. എന്നാൽ അത്തരത്തിലുള്ള യാതൊരു

അപേക്ഷയും നഗരസഭയിൽ രേഖാമൂലം കെട്ടിട ഉടമ സമർപ്പിച്ചിട്ടില്ല എന്ന വിവരവും റിപ്പോർട്ട് ചെയ്യുന്നു.

മുനിസിപ്പൽ സെക്രട്ടറി
അങ്കമാലി നഗരസഭ

ഉള്ളടക്കം: 1. പരാതിയുടെ പകർപ്പ്
2. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.-ന് അയച്ച കത്തിന്റെ പകർപ്പ്
3. ഐ.കെ.എം.-ൽ നിന്ന് ലഭ്യമായ മറുപടിയുടെ പകർപ്പ്

sh

MUNICIPAL OFFICE ANGAMALY

From

Poly Joseph & Jose Paul
Thadathil House
Aluva Seminaripadi
U.C. College .P.O

R1 [signature] 6/9/24

To
Secretary
Angamaly Municipality

Sir

VII -ാം വാർഡിൽ എന്റെ പേരിലുള്ള നമ്പർ VII/25 വാണിജ്യ ആവശ്യത്തിനുള്ള ~~7...~~ 106.86 m² വരുന്ന കെട്ടിടത്തിന്റെ മുകളിൽ (F.Floor) sheet Roof ഇട്ട് 78.72 m² ചതുരശ്ര കെട്ടിടം നിർമ്മിച്ച ഭാഗത്തിന് Eng. വിഭാഗത്തിൽ നിന്നും Regularise ചെയ്ത് കിട്ടിയിട്ടുള്ളതാണ്. (B.A No 110/23-24) ആയതിൻ പ്രകാരം കൂട്ടിച്ചേർത്ത ഭാഗത്തിന് നികുതി നിശ്ചയിക്കുന്നതിനായി K.Smart Re assesment വഴി ചെയ്തു കിട്ടിയപ്പോൾ Form-2 ൽ 22,376.00 രൂപ നികുതി വരുന്നു. എന്റെ പഴയ VII/25 കെട്ടിടത്തിന്റെ നികുതി ~~[illegible]~~ Rs 1270

കൂട്ടിച്ചേർത്ത ശേഷം Rs 22376.00
Form 2 പ്രകാരം നികുതി

Rs 21,106 രൂപ കൂടെ വർദ്ധനവ് വന്നിരിക്കുന്നു. ആയത് K smart പിഴവാണെന്ന് മനസ്സിലാക്കുന്നു. ആയതിനാൽ പഴയ ഭാഗത്ത് നിന്ന് എന്റെ പഴയ നികുതി നിലനിർത്തി കൂട്ടിച്ചേർത്ത ഭാഗത്തിന് മാത്രം കൂടിയ നികുതി ഈടാക്കുവാൻ വിനീതമായി അപേക്ഷിക്കുന്നു. Thank you

Yours faithfully

Poly Joseph [signature]
Jose Paul [signature]

Ward VII
(M) 9388804915

# ഭരണഭാഷ-മാതൃഭാഷ


## അങ്കമാലി മുനിസിപ്പാലിറ്റി

**പിൻ കോഡ്- 683572 ഫോൺ നമ്പർ : 0484-2459573**

**ഇമെയിൽ : secretaryagly@gmail.com**


നമ്പർ: 2124266-2024 തീയതി : 15-11-2024

പ്രേഷകൻ

സെക്രട്ടറി
അങ്കമാലി മുനിസിപ്പാലിറ്റി

സ്വീകർത്താവ്

എക്സിക്യൂട്ടീവ് ഡയറക്ടർ
ഇൻഫർമേഷൻ കേരള മിഷൻ
പബ്ലിക് ഓഫീസ് കോംപ്ലക്സ് ,വികാസ് ഭവൻ പി ഒ.,തിരുവനന്തപുരം-695033

സർ,

വിഷയം: അങ്കമാലി നഗരസഭ - റവന്യൂ വിഭാഗം-ksmart ൽ re-assessment ചെയ്യുമ്പോൾ നികുതിയിൽ വലിയ തോതിൽ വർദ്ധനവ് വരുന്നത് സംബന്ധിച്ച്

സൂചന: 1. ശ്രീ പോളി ജോസഫ് ആൻഡ് ജോസ് പോൾ,തടത്തിൽ വീട് സമർപ്പിച്ചിരിക്കുന്ന 6/9/24 ലെ അപേക്ഷ

അങ്കമാലി നഗരസഭ VII/25 number കെട്ടിടം re-assess ചെയ്യുമ്പോൾ 21926/- രൂപ tax വരുന്നു എന്നും ടി കെട്ടിടത്തിന്റെ നിലവിലുള്ള tax 1270/-രൂപയാണെന്നും ആയതിനാൽ പഴയ area യുടെ നികുതി നിലനിർത്തി പുതിയ area ക്ക് മാത്രം പുതിയ ടാക്സ് നൽകണമെന്നും സൂചന പ്രകാരം അപേക്ഷിച്ചിരിക്കുന്നു. കെട്ടിടത്തിന്റെ നിലിവിലുള്ള ഏരിയ 106.86m2 extended area 78.72 .m2.IKM TO വഴിസൂചികയിൽ complaint രജിസ്റ്റർ ചെയ്തെങ്കിലും,solution ലഭ്യമായില്ല. 2024 സെപ്റ്റംബർ ആദ്യ വാരം റെഗുലറൈസ് ചെയ്ത കെട്ടിടത്തിനു നാളിതുവരെ പുതിയ tax

അസ്സെസ്സ് ചെയ്യാൻ സാധിക്കാത്തതിനാൽ,എത്രയും പെട്ടെന്ന് ഒരു solution ലഭ്യമാക്കണമെന്ന് താല്പര്യപ്പെടുന്നു

വിശ്വസ്തതയോടെ

സെക്രട്ടറി

R₁- 53644125

ഭരണഭാഷ-മാതൃഭാഷ

# ഇൻഫർമേഷൻ കേരള മിഷൻ

പബ്ലിക് ഓഫീസ് കോംപ്ലക്സ് തിരുവനന്തപുരം
പിൻ കോഡ്- 695033 GSTIN:32AAAA15509H2Z0
ഫോൺ നമ്പർ : 471-2773100 ഇമെയിൽ :mail.ikm@kerala.gov.in

ഫയൽ നമ്പർ: 824-E6-2024-IKM

തീയതി : 02-01-2025

പ്രേഷകൻ

പ്രിൻസിപ്പൽ സെക്രട്ടറി/ചീഫ് മിഷൻ ഡയറക്ടർ/എക്സിക്യൂട്ടീവ് ഡയറക്ടർ(i/C)
ഇൻഫർമേഷൻ കേരള മിഷൻ

സ്വീകർത്താവ്

സെക്രട്ടറി
അങ്കമാലി നഗരസഭ
അങ്കമാലി എറണാകുളം - 683572

സർ,

വിഷയം: ഇൻഫർമേഷൻ കേരള മിഷൻ - അങ്കമാലി നഗരസഭ - റവന്യൂ വിഭാഗം ksmart ൽ re assessment ചെയ്യുമ്പോൾ നികുതിയിൽ വലിയ തോതിൽ വർദ്ധനവ് വരുന്നത് സംബന്ധിച്ച്.

സൂചന: 1. 15.11.2024 ലെ 2124266-2024 നമ്പർ കത്ത്

സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിക്കുന്നു. നികുതി പുന:നിർണ്ണയിക്കുന്നതിനുള്ള സംവിധാനം ksmart ആപ്ലിക്കേഷനിൽ ലഭ്യമാണ്. നിലവിൽ ഇതുമായി ബന്ധപ്പെട്ട ഒരു പരാതിയും സൂചിക വഴി ലഭിച്ചിട്ടില്ല.കൂടാതെ സൂചിക നമ്പർ 8314 പ്രകാരം ഈ കെട്ടിടം data purification ന്റെ ഭാഗമായി ldms വഴി ഡിലീറ്റ് ചെയ്തിട്ടുണ്ട് എന്ന വിവരം ശ്രദ്ധയിൽപ്പെടുത്തുന്നു.

Signature Not Verified
Digitally signed by DR.SANTHOSH BABU I A S
Date: 2025.01.02 23:01:35 IST
Reason: KSMART

വിശ്വസ്തതയോടെ

പ്രിൻസിപ്പൽ സെക്രട്ടറി/ചീഫ് മിഷൻ ഡയറക്ടർ/
എക്സിക്യൂട്ടീവ് ഡയറക്ടർ(i/C)

ഭരണഭാഷ-മാതൃഭാഷ

അങ്കമാലി മുനിസിപ്പാലിറ്റി

പിൻ കോഡ്- 683572

GSTIN:32CHNM01609G1DJ

ഫോൺ നമ്പർ : 0484-2459573

https://angamalymunicipality.lsgkerala.gov.in, secretaryagly@gmail.com

നമ്പർ: 2124266-2024 തീയതി : 31-01-2025

## അറിയിപ്പ്

വിഷയം: അങ്കമാലി നഗരസഭാ - റവന്യൂ വിഭാഗം - കെട്ടിടത്തിലെ കൂട്ടിച്ചേർക്കൽ - വസ്തു നികുതി നിർണ്ണയം -സംബന്ധിച്ച്

സൂചന: 1. താങ്കളുടെ 6/9/2024 തീയതിയിലെ അപേക്ഷ

കെട്ടിടത്തിൻ്റെ നിലവിലുള്ള വിസ്തീർണത്തോട് കൂടി അധിക നിർമ്മാണം നടത്തിയ കേസുകളിൽ നികുതി reassess ചെയ്യുമ്പോൾ നിലവിൽ ഉണ്ടായിരുന്ന ഏരിയയുടെ പഴയ നികുതി ksmart സോഫ്റ്റ്‌വെയർ പ്രകാരം നില നിർത്തപെടുന്നില്ല . ആയത് എല്ലാ നഗരസഭകളിലും ഉള്ള വിഷയമായതിനാൽ അനുകൂലമായ സർക്കാർ ഉത്തരവ് വരുന്ന മുറക്ക് മാത്രമേ സോഫ്റ്റ്‌വെയറിൽ UPDATION വരികയുള്ളൂ എന്നാണ് സാങ്കേതിക വിഭാഗത്തിൽ നിന്ന് അറിയിച്ചിട്ടുള്ളത് . ആയതിനാൽ ടി അപേക്ഷയിൽ അടിയന്തിരപ്രാധാന്യത്തോടെ തീരുമാനമെടുക്കുന്നതിന് സാധിക്കുകയില്ല എന്നാ വിവരം അറിയിക്കുന്നു

സെക്രട്ടറി

സ്വീകർത്താവ്

Pauly Joseph
THADATHIL HOUSE, U C COLLEGE, Aluva P.O, 683101

MUNICIPAL OFFICE ANGAMALY

DESPATCHED
31/1/25